പ്രവാസി ഡാറ്റാ ബാങ്ക് ഉടൻ

തിരുവനന്തപുരം: വിദേശരാജ്യങ്ങളിലെ നിയമങ്ങളെക്കുറിച്ച് പ്രവാസികൾക്ക് ബോധവത്കരണം നൽകുമെന്നും പ്രവാസികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കുമെന്നും മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. വയോജനങ്ങൾക്ക് വേണ്ടി സംരക്ഷണ പാക്കേജ് തയ്യാറാക്കും. വീട്ടുജോലിക്ക് പോകുന്നവർക്ക് ജോലി സംബന്ധമായ അറിവ് നൽകാൻ തൊഴിൽ നൈപുണ്യ പാക്കേജുകൾ തയ്യാറാക്കണമെന്ന് സാമൂഹ്യ പ്രവർത്തക സുനിതാകൃഷ്ണൻ പറഞ്ഞു. മലയാളി കൂട്ടായ്മ, സോഷ്യൽ മീഡിയ ഗ്രൂപ്പ്, മലയാളം മിഷൻ എന്നിവയിലൂടെ പ്രവാസി വനിതകളുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കണം.

ലോക കേരളസഭ സമാപിച്ചു

പ്രവാസി പുനരധിവാസം ഉറപ്പാക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: രണ്ടു ദിവസത്തെ ലോകകേരള സഭ ഒട്ടേറെ പ്രഖ്യാപനങ്ങളും സർക്കാർ ഉറപ്പുകളുമായി സമാപിച്ചു. പ്രവാസികളുടെ പുനരധിവാസം, അവരുടെ മക്കൾക്ക് വിദ്യാഭ്യാസം, വിദേശത്ത് പോകുന്നവർക്ക് പരിശീലനം തുടങ്ങിയ പ്രഖ്യാപനങ്ങളാണ് ചർച്ചകൾക്ക് മറുപടി പറഞ്ഞുള്ള പ്രസംഗത്തിൽ മുഖ്യമന്ത്രി നടത്തിയത്.

നിക്ഷേപത്തിനും ക്ഷേമത്തിനും ഊന്നൽ നൽകിയ മുഖ്യമന്ത്രി ഇതെല്ലാം ഇടതുമുന്നണിയുടെ തിരഞ്ഞെടുപ്പ് വാഗ്ദാനമാണെന്നും പറഞ്ഞു. ലോകമലയാളി സഭ സ്ഥിര സ്വഭാവമുള്ളതായിരിക്കും. ഏഴ് വിദേശ രാജ്യ മേഖലകളെ അടിസ്ഥാനമാക്കി സ്റ്റാൻഡിംഗ് കമ്മിറ്റികളുമുണ്ടാകും. ഈ കമ്മിറ്റികൾ ആറ് മാസത്തിനകം ശുപാർശ നൽകും. ഇവ നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കും. ഇതിന്റെ മേൽനോട്ടത്തിന് നോർക്കയിൽ സംവിധാനമൊരുക്കും. സമാപന ചടങ്ങിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, പ്രസീഡിയം അംഗങ്ങളായ രേവതി, അനിരുദ്ധൻ തുടങ്ങിയവരും സംസാരിച്ചു.

മറ്റ് ഉറപ്പുകൾ

1. കണ്ണൂർ, ശബരിമല വിമാനത്താവളങ്ങളിലും ദേശീയ പാത പദ്ധതികളിലും പ്രവാസികൾക്ക് നിക്ഷേപസൗകര്യം
2. എൻ.ആർ.ഐ സംരംഭങ്ങൾക്കായി ഏകജാലകം
3. ചക്ക, മാങ്ങ, നാളികേരം എന്നിവയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ വിപണനം വ്യാപിപ്പിക്കും
4. സാംസ്കാരിക രംഗത്ത് ബിനാലെ രീതിയിലുള്ള അന്താരാഷ്ട്ര ഉത്സവങ്ങൾ
5. വിദേശത്തു പോകുന്നവർക്ക് അതത് ഭാഷ പഠിക്കാൻ നാട്ടിൽ സൗകര്യം
6. മാലിന്യ സംസ്കരണ പദ്ധതികളിൽ പ്രവാസി പങ്കാളിത്തം
7. നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ് തടയാൻ ശക്തമായ ഇടപെടൽ

പ്രവാസി പുനരധിവാസം പരിഗണിക്കും: മന്ത്രി രാമകൃഷ്ണൻ

തിരുവനന്തപുരം: പ്രവാസജീവിതത്തിന ശേഷം മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസം സർക്കാർ ഗൗരവമായി പരിഗണിക്കുമെന്ന് ലോക മലയാളസഭയിൽ നടന്ന ചർച്ചയിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ പറഞ്ഞു. മടങ്ങിയെത്തിയ ശേഷമുള്ള ജീവിതത്തിന്റെ വിവിധതലങ്ങൾ പ്രതിനിധികൾ ചർച്ചയിൽ വിവരിച്ചു. തിരികെയെത്തുന്ന പ്രവാസികളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന നിർദേശവും ഉണ്ടായി. തൊഴിൽ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ടോം ജോസ് വിഷയം അവതരിപ്പിച്ചു. എം.പിമാരായ എ. സമ്പത്ത്, എം.കെ. രാഘവൻ തുടങ്ങിയവർ ചർച്ചയ്ക്ക് നേതൃത്വം നൽകി.

ലോക കേരള സഭയുടെ റിപ്പോർട്ടിംഗ് സെഷനിൽ പങ്കെടുക്കാൻ നിയമസഭയിലെത്തിയ കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം മുഖ്യമന്ത്രി പിണറായി വിജയനുമായി സംഭാഷണത്തിൽ. മന്ത്രിമാരായ മാത്യു. ടി. തോമസ്, ഇ. ചന്ദ്രശേഖരൻ എന്നിവർ സമീപം

കേരളത്തെ ആയുർവേദ ഹബ് ആക്കും: മന്ത്രി ശൈലജ

തിരുവനന്തപുരം: കേരളത്തെ ആയുർവേദ ഹബ് ആക്കുകയാണ് ഉദ്ദേശ്യമെന്ന് ലോക കേരള സഭയിൽ ആരോഗ്യരംഗത്തെക്കുറിച്ച് നടന്ന ചർച്ചയിൽ മന്ത്രി കെ.കെ. ശൈലജ പറഞ്ഞു.

പ്രവാസി നഴ്സുമാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ആരോഗ്യമേഖലയിലെ ഇടപെടലിന്റെ ഭാഗമായി സർക്കാർ നടത്തുന്ന വിവിധ പദ്ധതികൾ ആരോഗ്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ വിശദീകരിച്ചു.

മെഡിക്കൽ ടൂറിസം പദ്ധതി നടപ്പാക്കുമ്പോൾ ദന്ത പരിചരണത്തെയും ഉൾപ്പെടുത്തണമെന്ന അഭിപ്രായം ചർച്ചയിൽ ഉയർന്നു. നാട്ടിലേക്ക് മടങ്ങുന്ന പ്രവാസികൾക്ക് പ്രത്യേക ആരോഗ്യ പാക്കേജ് നടപ്പാക്കണം. സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തുന്നതിന് ശ്രീലങ്കൻ മാതൃക പിൻതുടരണം എന്നീ നിർദ്ദേശങ്ങളുമുണ്ടായി.

ആയുഷ് സെക്രട്ടറി ശ്രീനിവാസ്, ആരോഗ്യദൗത്യം ഡയറക്ടർ കേശവേന്ദ്രകുമാർ, കെ. സോമപ്രസാദ് എം.പി, എ.എൻ. ഷംസീർ എം.എൽ.എ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലതോറും കാത്ത് ലാബും സ്ട്രോക്ക് സെന്ററും

◗പ്രത്യേക ലേഖകൻ

തിരുവനന്തപുരം: ജില്ലാ ആശുപത്രികളിൽ കാത്ത്‌ലാബും കീമോതെറാപ്പിയും സ്ട്രോക്ക് സെന്ററും ആരംഭിക്കുമെന്ന് മന്ത്രി കെ.കെ. ശൈലജ ലോക കേരളസഭയെ അറിയിച്ചു. കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, മലബാർ കാൻസർ സെന്റർ എന്നിവയെ ആർ.സി.സി നിലവാരത്തിലാക്കും. സ്വകാര്യ ആശുപത്രികളെ കൂട്ടിച്ചേർത്ത് കേരള കാൻസർ കെയർ ഗ്രിഡ് രൂപീകരിക്കും. അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുമെന്നും മന്ത്രി പറഞ്ഞു.

രോഗപ്രതിരോധത്തിന് ആയുർവേദത്തിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തുമെന്ന് ആരോഗ്യസെക്രട്ടറി രാജീവ് സദാനന്ദൻ പറഞ്ഞു. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ലെവൽ ഒന്ന് ട്രോമ കെയർ കേന്ദ്രങ്ങളും മറ്റ് മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ലെവൽ രണ്ട് പരിചരണ കേന്ദ്രങ്ങളും ആരംഭിക്കും.

മെഡിക്കൽ ടൂറിസത്തിൽ ദന്ത പരിചരണവും ഉൾപ്പെടുത്തണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടു. അത്യാവശ്യ മരുന്നുകൾ ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കണം. പാലിയേറ്റീവ് കെയർ മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമാക്കണമെന്നും ആയുർവേദത്തിന്റെ പേരിൽ തട്ടിപ്പ് നടത്തുന്നത് ക്രിമിനൽ കുറ്റമാക്കണമെന്നും സുനിതാകൃഷ്ണൻ പറഞ്ഞു. പ്രവാസികൾക്കായി സാമൂഹ്യസുരക്ഷാ പദ്ധതി വേണമെന്ന് ഫ്രാൻസിൽ നിന്നെത്തിയ സി.ആർ. ഷെരീഫ് ആവശ്യപ്പെട്ടു. മെഡിക്കൽ വിദ്യാഭ്യാസത്തിൽ വിദേശ ജോലിക്ക് പരിശീലനം നൽകണമെന്ന് സൗദി അറേബ്യയിലെ ഡോ. മുബാറക് നിർദ്ദേശിച്ചു. മെഡിക്കൽ കൗൺസിലിന്റെ ചില ക്ലിയറൻസുകൾ ലഭിക്കാത്തതിനാൽ സിംഗപ്പൂരിൽ ഇന്ത്യൻ ഡോക്ടർമാരെ രണ്ടാം കിടക്കാരായാണ് പരിഗണിക്കുന്നതെന്ന് പ്രതിനിധി രാജശേഖരൻ പറഞ്ഞു. സർക്കാർ ആശുപത്രികളെ ശ്രീലങ്കൻ മാതൃകയിൽ ശക്തിപ്പെടുത്തണം.

പഠിച്ച കോളേജുകൾ പൂട്ടിപ്പോയതിനാൽ സൗദി അറേബ്യയിലെ ചില നഴ്സുമാർ ജയിലിലാണെന്ന് പ്രതിനിധികൾ അറിയിച്ചു. ലൈസൻസ് പുതുക്കാൻ അപേക്ഷിച്ചപ്പോൾ കോളേജ് നിലവിലില്ലെന്നും സർട്ടിഫിക്കറ്റ് വ്യാജമാണെന്നുമാണ് സൗദി കൗൺസിൽ അറിയിച്ചത്. ഔഷധിയുടെ മരുന്നുകൾക്ക് ആസ്ട്രേലിയയിൽ വൻ ഡിമാന്റുണ്ടെന്നും മരുന്നെത്തിക്കാൻ സൗകര്യമുണ്ടാക്കണമെന്നും പ്രതിനിധി അമേഷ് ആവശ്യപ്പെട്ടു.

വേണ്ടത് പ്രായോഗിക വിദ്യാഭ്യാസം: പ്രവാസികൾ

തിരുവനന്തപുരം: പ്രായോഗികത അടിസ്ഥാനമാക്കി വിദ്യാഭ്യാസ സമ്പ്രദായം പൊളിച്ചു പണിയണമെന്ന് ലോക കേരള സഭയിൽ പ്രവാസികൾ ആവശ്യപ്പെട്ടു.

ഉത്തരവാദിത്വവും പ്രായോഗിക ജ്ഞാനവും വർദ്ധിപ്പിക്കുന്ന പാഠ്യപദ്ധതി വേണം. നൈപുണ്യവികസനത്തിന് പ്രത്യേക പരിഗണന നൽകണമെന്നും വിദ്യാഭ്യാസ മന്ത്രി സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉപസമ്മേളനത്തിൽ പ്രതിനിധികൾ ആവശ്യപ്പെട്ടു.

വിപണിയും തൊഴിൽ സാദ്ധ്യതകളും കണക്കിലെടുത്ത് സിലബസ് പരിഷ്കരിക്കണം. കായിക പരിശീലനം പാഠ്യപദ്ധതിയിലുൾപ്പെടുത്തണം. കുട്ടികളുടെ ഉത്തരവാദിത്വവും ആത്മവിശ്വാസവും വളർത്തണം. സാമ്പ്രദായിക വിദ്യാഭ്യാസത്തിനൊപ്പം 'ഗിഫ്റ്റഡ് എഡ്യൂക്കേഷൻ' കൂടി നടപ്പാക്കണം.

വായനാശീലം വളർത്താൻ അഡ്വാൻസ്ഡ് റീഡിംഗ് സൗകര്യങ്ങളൊരുക്കണം. അഞ്ചുവയസുവരെ സൗജന്യമായി പുസ്തകങ്ങളും കഥാപുസ്തകങ്ങളും നൽകിയാൽ വായനാശീലം വളരും.

ലൈബ്രറികളിൽ ഇ-റീഡർ സൗകര്യം വേണം. കുട്ടികൾക്ക് കൗൺസലിംഗ് നൽകണം. അദ്ധ്യാപകരുടെ നിലവാരം ഉറപ്പാക്കണം.

കേരളസഭ അറിഞ്ഞില്ലെന്ന് കണ്ണന്താനം; ക്ഷണിച്ചതിന് തെളിവുണ്ടെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ലോക കേരള സഭയിൽ നിന്ന് വിട്ടുനിന്നശേഷം സമാപന യോഗത്തിൽ പ്രത്യക്ഷപ്പെട്ട കേന്ദ്രമന്ത്രി കണ്ണന്താനം വൈകാനുള്ള ന്യായം പറഞ്ഞ് വിവാദമായി.

സഭ കൂടുന്നത് അറിഞ്ഞില്ലെന്നും പത്രത്തിൽ വായിച്ചറിഞ്ഞാണ് വന്നതെന്നും കണ്ണന്താനം പറഞ്ഞു. എന്നാൽ, കണ്ണന്താനത്തെ കത്ത് മുഖാന്തരം ക്ഷണിച്ചതാണെന്നും മറുപടി തന്നത് ഫയലിൽ ഇരിപ്പുണ്ടെന്നും മുഖ്യമന്ത്രി സമാപന പ്രസംഗത്തിൽ മറുപടി നൽകി.

കണ്ണന്താനം ഓർക്കാതിരുന്നത് തിരക്കുകൊണ്ടാകാമെന്നും അദ്ദേഹത്തിന്റെ സേവനം പല കാര്യങ്ങളിലും സംസ്ഥാനത്തിന് ആവശ്യമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ടൂറിസം വികസനം മാത്രം ശ്രദ്ധിച്ചാൽ കേരളത്തിൽ തൊഴിലില്ലായ്മ പരിഹരിക്കാമെന്നും മൂന്നാറിലെ വികസനത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്നും കണ്ണന്താനം പറഞ്ഞു. മൂന്നാറിലെ ടൂറിസം വികസനത്തിന് അവിടത്തെ സാഹചര്യങ്ങളും പ്രത്യേകതകളും കൂടി കേന്ദ്രമന്ത്രി പഠിക്കണമെന്ന് മുഖ്യമന്ത്രി മറുപടി നൽകി.

മോദിസർക്കാരിന്റെ ഭരണനേട്ടങ്ങൾ നിരത്തിയുള്ള കേന്ദ്ര മന്ത്രിയുടെ പ്രസംഗത്തിനിടെ പ്രവാസി മലയാളികളെ കുറിച്ചും പറയണമെന്ന് സഭാംഗങ്ങളിൽ നിന്ന് പ്രതികരണമുണ്ടായതും കല്ലുകടിയായി.

കാർഷികരംഗത്ത് പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കും

തിരുവനന്തപുരം: കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധിത സാദ്ധ്യതകൾ പ്രവാസികളുടെ സഹായത്തോടെ പ്രയോജനപ്പെടുത്താൻ സന്നദ്ധമാണെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. ലോക കേരള സഭയുടെ ഭാഗമായുള്ള ഉപസമ്മേളനത്തിൽ സംസാരിക്കുകയായിരുന്ന അദ്ദേഹം. കാർഷികരംഗത്ത് പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കും.

മൂല്യവർദ്ധിത സാദ്ധ്യതകൾ ചർച്ചചെയ്യാൻ 'വൈഗ' എന്ന പേരിൽ നടത്തുന്ന സമ്മേളനത്തിൽ പ്രവാസികളെ ക്ഷണിച്ച് നിർദ്ദേശങ്ങൾ സ്വീകരിച്ച് തുടർ നടപടിയെടുക്കും. www.sfackerala.org എന്ന വെബ്സൈറ്റിൽ വൈഗയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. കാർഷിക സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് ബാങ്കുകളെ വൈഗയിലേക്ക് ക്ഷണിച്ച് ചർച്ച നടത്തും. കാർഷികോത്പന്നങ്ങളുടെ വിപണനത്തിന് കേരള ഓർഗാനിക് എന്ന ബ്രാൻഡ് നിലവിലുണ്ട്. ഇത് ലോക വിപണിയിലെത്തിക്കാൻ പ്രവാസികളുടെ സഹായത്തോടെ സാധിക്കും.

മത്സ്യ കൃഷിയിൽ നിക്ഷേപ സാദ്ധ്യത വലുതാണെന്ന് മന്ത്രി മേഴ്സിക്കുട്ടിഅമ്മ പറഞ്ഞു. ടാൻസാനിയയിൽ നിന്നുള്ള കശുഅണ്ടി ലഭ്യതയ്ക്ക് സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്ന് അവിടെ നിന്നെത്തിയ പ്രവാസി പ്രതിനിധി പറഞ്ഞു.

നിക്ഷേപം നടത്തിയാൽ വേഗം ലാഭം ലഭിക്കുന്ന മേഖലയാണ് മൃഗസംരക്ഷണമെന്ന് മന്ത്രി കെ. രാജു പറഞ്ഞു. കാർഷിക സംരംഭങ്ങൾക്ക് ലൈസൻസും സഹായങ്ങളും നൽകുന്നതിന് ഏകജാലക സംവിധാനം വേണമെന്ന് പ്രവാസി പ്രതിനിധികൾ ആവശ്യപ്പെട്ടു. എം.എൽ.എമാരായ എസ്. ശർമ്മ, കെ.എൻ.എ. ഖാദർ, കെ. കൃഷ്ണൻകുട്ടി, പുരുഷൻ കടലുണ്ടി എന്നിവരും പങ്കെടുത്തു.

കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice faster response
Matrimonial
Groom Wanted

ഈഴവ - ക്രിസ്ത്യൻ ദമ്പതികളുടെ മകൾ-MBBS, ചോതി, 27. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
9745817738, 9633822715.

ഈഴവ യുവതി - B.Sc, 157, നഴ്സ്, സൗദി (MOH), കാർത്തിക, ചെറിയ പാപം, 16.08.1987, 11.50 p.m., പ്രൊഫഷണൽ ഡിഗ്രിയുള്ള വർക്ക് മുൻഗണന.
9656215404, 9846525360.

ഈഴവ യുവതി - ചതയം, 156 cm, 4.5.1994, 4.39 p.m., 7-ൽ ചൊവ്വ, B.Sc സുവോളജി, JDC, കായംകുളം. ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
9497112067.

മിശ്രവിവാഹിതരുടെ മകൾ (ക്രിസ്ത്യൻ - തണ്ടാർ), 27, 152, തിരുവാതിര, റവന്യൂ ഡിപ്പാർട്ട്മെന്റ്, എൽ.ഡി. ക്ലാർക്ക്, ഗവ. ജോലിയുള്ള തിരുവനന്തപുരം ജില്ലയിലുള്ള ഹിന്ദുക്കൾക്ക് മുൻഗണന.
8943275576.

ഈഴവ യുവതി - 25 yrs., 154 cm, അശ്വതി, ശുദ്ധജാതകം (2¼ പാപം), M.Sc (Completed), doing Bank - PSC Coaching. വിദ്യാഭ്യാസവും ജോലിയുമുള്ള, തിരുവനന്തപുരം ജില്ലയിലെ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോ അല്ല.
0471 - 2407081, 9495828749.

ഈഴവ യുവതി, എറണാകുളം ജില്ല, മകയിരം, 29-7-1989, 11.50AM, സെൻട്രൽ ഗവൺമെന്റ് ഹോസ്പിറ്റൽ നഴ്സ്, ബാംഗ്ലൂർ
9656810627

ഈഴവ യുവതി - പൂയം, 7-ൽ ചൊവ്വ, 08.02.1990, 2.55 p.m, B.Sc.
9895716759, 8137891357.

GROOM WANTED
Ezhava girl, 26, Makayiram, Kollam, MBBS, Doing MD in Govt Medical College. Proposals invited from parents of MBBS/PG doctors only. Not Bureau.
KMID E 4026467
PH: 8078101942

ഈഴവ യുവതി - M.Tech, Junior Engineer, BSNL, ഉത്രാടം, 22.6.1989, Govt. employees only.
9447119122, 9497488866.

Ezhava girl - 29, 163, Thiruvonam, M.Tech. (Civil), Asst. Engineer, Kerala Govt. Service. 9446437566.

ഈഴവ യുവതി - BSMS ഡോക്ടർ, 25.4.1986, 4.15 p.m., വിശാഖം, പാപജാതകം, upper middle class, 160 cm.
0474-2790001, 9746599416.

ഈഴവ യുവതി - കൊല്ലം, 24.6.1992, 10.25 p.m., രേവതി, ശുദ്ധം, 152. M.Pharm, Asst. Professor. നാട്ടിൽ ജോലിയുള്ള തിരുവനന്തപുരം, കൊല്ലം ജില്ലക്കാർക്ക് മുൻഗണന.
9526473539.

കൊല്ലം, ഈഴവ യുവതി - M.Tech, 155 cm, ആയില്യം, 26, ഇടവലഗ്നം, ലഗ്നത്തിൽ ശുക്രൻ, 8-ൽ ചൊവ്വാദൃഷ്ടി. പ്രൊഫഷണൽസിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. 9446027507.

ഈഴവ യുവതി - M.Tech, 12.06.1992, 4.25 a.m., ചോതി, 5½ പാപം, 156, ഇടത്തരം കുടുംബം.
KM ID E 3992626
9656938389, 9447074422.

ഈഴവ യുവതി - മൂലം നക്ഷത്രം, 23 വയസ്സ്, 26.05.1994, ശുദ്ധജാതകം, B.Com, (Bank Coaching), വിദേശം, സർക്കാർ ഉദ്യോഗസ്ഥർക്ക് മുൻഗണന.
Phone : 09774042960, 9947207104.

ഈഴവ യുവതി - MBA, തൃക്കേട്ട, 12.8.1989, 5.13 p.m., 8-ൽ കുജൻ, കൊല്ലം ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
9605414835, 9656193925.

MBBS Doctor
Ezhava girl - 25, 165, Poorurruttathi, parents of boys with MD/MS/MBBS/similarly well - place.
Contact : 9946105192.

ഈഴവ യുവതി - B.Tech, 12.11.1991, 8.55 a.m, ഉത്രാടം, ചെറിയ പാപം. സർക്കാർ ജോലിയുള്ള യുവാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. 0471 - 2481361, 8547041361.

ഈഴവ യുവതി - 21, 156, ഡിഗ്രി, രേവതി. ബ്യൂറോ അല്ല.
9567804497, 9995405501.

ഈഴവ യുവതി - 161 cm, പൂരാടം, 26 വയസ്സ്, B.Tech. Civil, Dubai-ൽ വർക്ക് ചെയ്യുന്നു. ദുബായിൽ ജോലി യുള്ളവർക്കും തിരുവനന്തപുരം ജില്ലക്കാർക്കും മുൻഗണന. 9447857519

ഈഴവ യുവതി - 22 വയസ്സ്, MBA doing, 161 cm, പൂരം. ചെറിയ പാപം.
9495153580, 9895799465.

ഈഴവ യുവതി - 23, ഡിഗ്രി, ചിത്തിര. ബ്യൂറോ അല്ല. ആലോചനകൾ ക്ഷണിക്കുന്നു.
9895904149, 7994425168.

ഈഴവ യുവതി - അനിഴം, MA, 30.09.1992, 11.25 a.m, 5 പാപം. 9947871451

ഈഴവ യുവതി, 24, വെളുത്ത നിറം, Degree, ഉയർന്ന സാമ്പത്തികം. 7025845328

ഈഴവ യുവതി (27, 5' 4) ഭരണി, ശുദ്ധജാതകം, വെളുത്ത നിറം, 85 Kg. അപ്പർ മിഡിൽ ക്ലാസ്, B.A ഫൈനൽ. ആറ് വയസ്സുള്ള ആൺകുട്ടിയുണ്ട്. തൃശ്ശൂർ ജില്ല, നിയമപരമായി വിവാഹ ബന്ധം വേർപെടുത്തിയത്.
9745242225
0487 2554310

ഈഴവ യുവതി, 25, ചതയം, B.Tec., ആലപ്പുഴ.
7902501049

ഈഴവ യുവതി, കൊല്ലം, മകം (04/07/1992- 11.18 am) M.Com, ബ്യൂറോ അല്ല.
ID E-3711733
9495283815, 9605623133

ഈഴവ യുവതി - 23, അത്തം, B.Pharm, ഫാർമസിസ്റ്റ്. ബിസിനസ്സുകാരും ആകാം.
7510956513

ഈഴവ യുവതി - 22, 159, അവിട്ടം, സാധാരണ കുടുംബം, TTC പഠിക്കുന്നു.
9645382369

ഈഴവ യുവതി, ഭരണി, 7-2-1995, 3.45 am, B.Tech (EC), Nooranad, ബ്യൂറോ അല്ല.
8606813601

ഈഴവ യുവതി, 23/157, തിരുവോണം, M.Com, ചെറിയ പാപം, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബ്യൂറോയല്ല. പത്തനംതിട്ട.
8943767104

Ezhava girl, Pooyam, 29, Ph. D, Cochin University Marine Biology, seeks alliance from qualified boys.
9446527862

Ezhava girl, 26, poorurruttathi, 164, M. Tech, Asst. Prof. in Self Financing College, upper middle class, seeks alliance from well educated and employed boys.
IDE 3996068
9961308315

Ezhava girl 28, Punartham, B.Tech, MS, Engineer America
8921763805,
8921863305
www.sindhoorakuruvi.com

8-ൽ ചൊവ്വ
ഈഴവ യുവതി - കൊല്ലം, 1992 Oct. 6, 10.40 a.m., ഇടത്തരം കുടുംബം, 158, MCA. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. 8547060714.

പുനർവിവാഹം
ഈഴവ യുവതി - 35, Naturopathy Doctor (BNYS), ഉത്രാടം.
Phone : 7736672355.

Re-marriage, Doctor
Ezhava girl - MBBS, MD, Assistant Professor, 32, Bharani, 164, financially sound family. Seek suitable alliance.
9447040101.

ആയുർവ്വേദ ഡോക്ടർ
ഈഴവ യുവതി - 26.6.1988, 5.55 p.m., 163 cm, വിശാഖം, B.Sc, BAMS. 9495107883.

RE-MARRIAGE
Ezhava girl - 16.08.1981 (3.22 a.m), Avittam, settled in London.
9496264562,
00442085773136
LondonLights2016@gmail.com

MBBS Doctor
ഈഴവ യുവതി - 26, മൂലം, MBBS Doctor മാരിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. 7510177138.

അടൂർ
ഈഴവയുവതി, M.Com, Tally, അനിഴം, ചന്ദ്രാൽ 7-ൽ പാപം, 24-11-1992, 8.52 am, സാധാരണ കുടുംബം.
7510547717,
9526870447

31-ാം വാർഷിക Offer
www.classicmarriagebureau.net-ൽ Photo search/Advance Search വഴി ഇഷ്ടപ്പെട്ട ബയോഡേറ്റകൾ കണ്ടെത്തിയാലുടൻ ഫ്രീ രജിസ്ട്രേഷൻ നടത്തി 5 Contacts ഫ്രീയായി എടുക്കാം. കൂടുതൽ Contacts ആവശ്യമെങ്കിൽ Payment മതി. (ഏജൻസി വേണ്ടവർ സൈറ്റിലെ ഫോണിൽ ബന്ധപ്പെടുക) (എല്ലാ മത/ജാതി/ജില്ല/സ്റ്റേറ്റ്/NRI മലയാളി ഡേറ്റകൾ 8.86 ലക്ഷം നിലവിലുണ്ട്)

ആദ്യവിവാഹവും പുനർവിവാഹവും
എല്ലാ ജാതിയും/ജില്ലയിലും.
0485-2832675.
മലയാളി മാട്രിമോണിയൽസ് (31-ാം വർഷം), മൂവാറ്റുപുഴ

Changanassery
Legally Separated Ezhava Girl, 7-08-1978, 165 cm, Uthram, Fair, Govt. H.S.S Teacher, Gusseted, Proposals invited from Govt. Employers and aided School Teachers settled in Kerala.
9526753848

ഹിന്ദുയുവതി SSLC
32 വെളുത്ത നിറം ഇടത്തരം കുടുംബം ജാതി ജാതകം നിർബന്ധമില്ല ആലോചനകൾ ക്ഷണിക്കുന്നു
9744737762

ഈഴവ സുന്ദരി Bsc nurse 23 വിദേശം
ഉയർന്ന സാമ്പത്തികം വരന്റെ തൊഴിൽ ജില്ല പ്രശ്നമല്ല കൊണ്ട്പോകും
7593989793,
9061517250

ഈഴവ ടീച്ചർ ശുദ്ധം
23Bed സാമ്പത്തികമുണ്ട് വരന്റെ തൊഴിൽ ജില്ല പ്രശ്നമല്ല ഡിമാന്റുകളില്ല
7593989793, 7902342230

ഈഴവ ടീച്ചർ ശുദ്ധം 23
Bed ഇടത്തരം ഡിമാന്റുകളില്ല ആലോചനകൾ ക്ഷണിക്കുന്നു
9895834008, 9746244247

ഈഴവ യുവതി 30 ആദ്യവിവാഹം
ഡിഗ്രി സാമ്പത്തികമുണ്ട് വരന്റെ ജില്ലയേതുമാകാം പുനർവിവാഹവും നോക്കും
7025501379, 9207167559

ഈഴവ യുവതി 28
ഡിഗ്രി ഇടത്തരം വരന്റെ തൊഴിൽ ജില്ല സാമ്പത്തികം പ്രശ്നമല്ല ഡിമാന്റുകളില്ല
9746244247, 946371577

ഈഴവ യുവതി 25 ഡിഗ്രി
ശുദ്ധം ഇടത്തരം വരന്റെ തൊഴിലേതുമാകാം ജില്ല പ്രശ്നമല്ല
9946371577, 9895833368

'ഭാഷയ്ക്കൊരു ഡോളർ' ലോകത്താകെ വ്യാപിപ്പിക്കണം

തിരുവനന്തപുരം: മലയാള ഭാഷയുടെ വ്യാപനത്തിന് കൂടുതൽ രാജ്യങ്ങളിൽ മലയാളം മിഷൻ പ്രവർത്തനം തുടങ്ങണമെന്ന് ലോക കേരള സഭ ആവശ്യപ്പെട്ടു.

മികച്ച മലയാള ഗവേഷണ പ്രബന്ധത്തിനു പുരസ്കാരം നൽകുന്ന 'ഭാഷയ്ക്കൊരു ഡോളർ' പദ്ധതി ലോകമെങ്ങും വ്യാപിപ്പിക്കണം. കേരളപ്പിറവി ദിനത്തിൽ പുരസ്കാരം വിതരണം ചെയ്യണം. 'ഭാഷയും സംസ്കാരവും' ഉപസമ്മേളനത്തിൽ അമേരിക്കയിലെ തോമസ് ജെഫേഴ്സൺ സർവകലാശാലയിലെ പ്രൊഫസർ ഡോ. എം.വി. പിള്ളയാണ് ഈ ആവശ്യമുന്നയിച്ചത്.

അമേരിക്കയിലെ മ്യൂസിയം ഒഫ് മോഡേൺ ആർട്ട് മാതൃകയിൽ വെർച്വൽ മ്യൂസിയങ്ങൾ ആരംഭിക്കണമെന്ന് സച്ചിദാനന്ദൻ ആവശ്യപ്പെട്ടു. പ്രവാസികളുടെ കുട്ടികളെ കേരള സംസ്കാരം പരിചയപ്പെടുത്താൻ യാത്രകൾ സംഘടിപ്പിക്കണം. പ്രവാസി മലയാളികൾക്ക് ഭാഷാപഠനത്തിന് സഹായകമായ മോഡ്യൂളുകൾ മലയാളം മിഷൻ തയ്യാറാക്കണം.

സാംസ്കാരിക വിനിമയ പരിപാടികളിൽ ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടു. ആഫ്രിക്കയിൽ മലയാളം മിഷൻ പ്രവർത്തനം ആരംഭിക്കണമെന്ന് ടാൻസാനിയൻ പ്രതിനിധി ആവശ്യപ്പെട്ടു.

മന്ത്രിമാരായ എ.കെ. ബാലൻ, രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എമാരായ എം.കെ. മുനീർ, മുകേഷ്, പുരുഷൻ കടലുണ്ടി, സി. മമ്മൂട്ടി, സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജ്, മലയാളം മിഷൻ ഡയറക്ടർ സുജ സൂസൻ ജോർജ് എന്നിവർ പങ്കെടുത്തു.

നജീബിന് നല്ല ജോലി ഉറപ്പുവരുത്തും

KAUMUDI FOLLOW UP

തിരുവനന്തപുരം: 'ആടുജീവിത'ത്തിലെ ദുരന്തനായകൻ നജീബിന് ബഹ്റിനിലോ കേരളത്തിലോ നല്ല ജോലി ഉറപ്പുവരുത്തുമെന്ന് ബഹ്റിനിലെ മലയാളി സാമൂഹ്യ പ്രവർത്തകനും പ്രവാസി കമ്മിഷൻ അംഗവുമായ സുബൈർ കണ്ണൂർ പറഞ്ഞു.

'ബെന്യാമിന്റെ നജീബിന് തൂപ്പുജോലിയെങ്കിലും മതി'യെന്ന കേരള കൗമുദി വാർത്തയോട് പ്രതികരിക്കുകയായിരുന്നു സുബൈർ. നജീബിനെ ലോക കേരള സഭയിൽ കൊണ്ടുവരുന്നതിൽ മുൻകൈ എടുത്തവരിലൊരാളാണ് സുബൈർ.

ഇപ്പോഴത്തെ ജോലിയിലുള്ള അതൃപ്തി ഇതുവരെ നജീബ് പ്രകടിപ്പിച്ചിരുന്നില്ല. കേരളകൗമുദി കണ്ടപ്പോഴാണ് ഇതറിഞ്ഞത്. നജീബിന്റെ തൊഴിൽ നൈപുണ്യവും വിദ്യാഭ്യാസവും കണക്കാക്കി പരമാവധി മെച്ചപ്പെട്ട തൊഴിൽ അദ്ദേഹത്തിന് ബഹ്റിനിൽ സംഘടിപ്പിച്ചു നൽകാം. കേരളത്തിൽ സർക്കാർ ജോലിയാണ് താത്പര്യമെങ്കിൽ ഇക്കാര്യം തങ്ങൾ മുഖ്യമന്ത്രിയോട് സംസാരിച്ച് തീരുമാനമുണ്ടാക്കുമെന്നും സുബൈർ പറഞ്ഞു.

ലോക കേരളസഭ കൊണ്ട് എന്തു നേടി: കെ. മുരളീധരൻ

തിരുവനന്തപുരം: കോടികൾ ചെലവഴിച്ച് ലോകകേരളസഭ നടത്തിയതുകൊണ്ട് പ്രവാസികൾക്കുണ്ടാകുന്ന നേട്ടം എന്താണെന്ന് സർക്കാർ വ്യക്തമാക്കണമെന്ന് കെ. മുരളീധരൻ എം.എൽ.എ ആവശ്യപ്പെട്ടു. സഭയിലെ ചർച്ചകൾക്ക് സാധാരണ സെമിനാറുകളുടെ നിലവാരമേയുള്ളൂ. പ്രവാസി മലയാളികളെ വലിയവരെന്നും ചെറിയവരെന്നും രണ്ടു തട്ടിലാക്കിയിരിക്കുകയാണ്. താമസിക്കാൻ സൗകര്യം നൽകിയതുപോലും ഇത് നോക്കിയാണ്. എ.കെ.ജിയും പ്രവാസിയുമായി എന്ത് ബന്ധമുണ്ടായിട്ടാണ് മുഖ്യമന്ത്രി കേരളസഭയിൽ എ.കെ.ജിയെ പരാമർശിച്ചത്. വി.ടി. ബൽറാമിന് മറുപടി പറയാനാണെങ്കിൽ ഒരു പത്രസമ്മേളനം വിളിച്ചാൽ മതിയായിരുന്നല്ലോ? ജി.എസ്.ടിയും നോട്ടുനിരോധനവും നല്ലതാണെന്നാണ് മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് ഗീതാ ഗോപിനാഥ് പറഞ്ഞത്.

ലോക കേരള സഭ സാഹിത്യമത്സര വിജയികൾ

തിരുവനന്തപുരം: ലോക കേരള സഭയോടനുബന്ധിച്ച് മലയാളം മിഷൻ നടത്തിയ ആഗോള സാഹിത്യമത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. വീട്ടുവിട്ടവർ എന്ന വിഷയത്തെ അധികരിച്ചുള്ള കഥാരചനയിൽ സീനിയർ വിഭാഗത്തിൽ ചെന്നൈയിലെ ചൈത്ര ഒന്നാം സ്ഥാനവും നീലഗിരിയിലെ ആൻ ഫ്രെഡി ചീരൻ രണ്ടാം സ്ഥാനവും ജോഫ്രെഡി ചീരൻ മൂന്നാം സ്ഥാനവും നേടി. ജൂനിയർ വിഭാഗത്തിൽ നീലഗിരിയിലെ എസ്.എൻ. നയന, റായ്ഗഡിലെ നിവേദ്യ അനീഷ്ബാബു, അമൃത സഹദേവൻ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

പ്രയാണം എന്ന വിഷയത്തെ അധികരിച്ചുള്ള കവിതാരചനമത്സരത്തിൽ സീനിയർ വിഭാഗത്തിൽ ശ്രീജിഷ് ചെമ്മരൻ, സൗദി അറേബ്യയിലെ നിവ്യദാസ്, റായ്ഗഡിലെ സ്നേഹ ഷിബു എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ജൂനിയർ വിഭാഗത്തിൽ കൊല്ലത്തെ പൂജ പ്രിജി, റായ്ഗഡിലെ നിവേദ്യ അനീഷ്ബാബു, ചെന്നൈയിലെ കൈലാസ് നാഥ് എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.